**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4656**
**22.03.2018 ൽ മറുപടി നൽകേണ്ടത്**

## സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

**ചോദ്യം**
ശ്രീ. എം വിൻസെന്റ്

**മറുപടി**
ഡോ.ടി.എം തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷനുകൾ അർഹരായവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | സാമൂഹ്യ സുരക്ഷാ പെൻഷന് അർഹരായവർക്ക് മാത്രമേ ലഭിക്കുന്നുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നതിലേക്ക് 22/01/2018 തിയതിയിലെ എസ്.എഫ്.സി ബി2/53/2017/ധന പ്രകാരം ഒരു പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു ഗുണഭോക്താവ് മരണപ്പെടുകയോ വിധവാ പെൻഷൻ ഗുണഭോക്താവ് പുനർ വിവാഹം ചെയ്യുകയോ ആണെങ്കിൽ പ്രസ്തുത വിവരം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്താൽ ഉടൻ തന്നെ പ്രാദേശിക സർക്കാർ സെക്രട്ടറി പെൻഷൻ സസ്പെന്റ് ചെയ്യണമെന്നും അത്തരത്തിൽ സസ്പെന്റ് ചെയ്യാതെ തുടർന്നും പെൻഷൻ അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യത ആയിരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് പെൻഷൻ വാങ്ങുകയാണെങ്കിൽ അത് മരണപ്പെട്ട ഗുണഭോക്താവിന്റെ അനന്തരാവകാശികളിൽ നിന്നും പുനർ വിവാഹം ചെയ്ത വിധവാ പെൻഷൻ ഗുണഭോക്താവിൽ നിന്നും തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. 16/11/2017 തിയതിയിലെ സ ഉ( എം എസ്) 483/2017/ധന ഉത്തരവ് |

| | | | |
|---|---|---|---|
| | | | പ്രകാരം താഴെക്കൊടുത്തിരിക്കുന്ന നിബന്ധനകളും പുറപ്പെടുവിക്കുകയുണ്ടായി:<br><br>1) വിധവാ പെൻഷൻ ലഭിക്കുന്നവർ എല്ലാ വർഷവും ഡിസംബർ മാസം താൻ പുനർവിവാഹം ചെയ്തിട്ടില്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സാക്ഷ്യപത്രം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ സെക്രട്ടറിക്ക് നൽകേണ്ടതാണ്.<br><br>2) ബാങ്ക് വഴി പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിംഗ് (mustering) നടത്തേണ്ടതാണ്.<br><br>3) ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷ പ്രാദേശിക സർക്കാരിൽ ലഭിച്ചാൽ അതിന്മേൽ സമഗ്രമായ അന്വേഷണം നടത്തി അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥൻ പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് റിപ്പോർട്ട് നൽകി കഴിഞ്ഞ് സെക്രട്ടറി അതിന്മേൽ ക്രോസ് പരിശോധന നടത്തിയ ശേഷം മാത്രമേ അപേക്ഷ അംഗീകരിക്കാൻ പാടുള്ളൂ.<br><br>4) വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും മറ്റ് ഭൗതിക സാഹചര്യങ്ങളും പരിശോധിച്ച് അപേക്ഷകൻ യഥാർത്ഥത്തിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കാൻ അർഹനാണെന്ന് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ബോധ്യമായാൽ മാത്രമേ മറ്റ് നടപടി ക്രമങ്ങൾ പാലിച്ച് പെൻഷൻ അനുവദിക്കാൻ പാടുള്ളൂ.<br><br>5) അനർഹരായ വ്യക്തികൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുകയാണെങ്കിൽ അപേക്ഷകനെക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്തിയ ഉദ്യോഗസ്ഥനും പ്രാദേശിക സർക്കാർ സെക്രട്ടറിയും സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയതിന് തുല്യ |

| | | |
|---|---|---|
| | | ബാധ്യസ്ഥരായിരിക്കും. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന് ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കുന്നതാണ്.<br><br>6) ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്ന വ്യക്തികളിൽ നിന്ന് പ്രസ്തുത തുക നിയമാനുസരണം സമയബന്ധിതമായി തന്നെ ഈടാക്കുന്നതും, ഇത്തരക്കാർക്ക് ഭാവിയിൽ സർക്കാരിൽ നിന്നും യാതൊരു വിധ ആനുകൂല്യങ്ങൾക്കും ( സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ) അർഹത ഉണ്ടായിരിക്കുന്നതുമല്ല. |
| (ബി) | ഇതു സംബന്ധിച്ച സി ആന്റ് എ.ജി യുടെ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | ഇത് സംബന്ധിച്ച് ഒരു സർവ്വേ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഫിനാൻസ് & ടാക്സേഷൻ മുഖാന്തിരം നടത്തി തുടർ നടപടികൾ സ്വീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിലെത്തിച്ച് നൽകുന്ന പദ്ധതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയെക്കുറിച്ച് എന്തെങ്കിലും ആക്ഷേപം ലഭിച്ചിട്ടുണ്ടോ; ഈ പദ്ധതിയുടെ നടത്തിപ്പിന് സർക്കാരിന് അധികമായി എന്ത് ബാധ്യതയാണുണ്ടാകുന്നത്; വ്യക്തമാക്കുമോ? | സാമൂഹ്യ സുരക്ഷാ പെൻഷൻ വീടുകളിലെത്തിച്ച് നൽകുന്ന പദ്ധതി വിലയിരുത്തിയിട്ടുണ്ട്. താറുമാറായിക്കിടന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചിട്ടപ്പെടുത്താൻ ഇതുവഴി സാധിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ഏതാനും പരാതികൾ ലഭിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവിന്റെ വീട്ടിൽ കൊണ്ട്ചെന്ന് നൽകുന്നതിലേക്ക് ഒരു ഗുണഭോക്താവിന് പെൻഷൻ വിതരണം ചെയ്യുന്നതിന് 50 രൂപ നിരക്കിൽ സർക്കാർ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നൽകുന്നുണ്ട്. 2017 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസത്തിലെ പെൻഷൻ വിതരണം നടത്തിയ വകയിൽ 9.42 കോടി രൂപ സർക്കാരിന് ബാധ്യത വരുന്നതായി കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ